I do not wish to go now into the merits of the question and I decline doing so for the simple reason that they placed before us the proposals. The criticism is unsought for. An unsought criticism is unpleasant. Therefore I am not going to offer any criticism on the proposals placed before the House. The point at issue is only this. If we ask that we may be taken into your confidence what right have you to say that you shall not allow it unless you have got grave reasons for it. I can understand the Government view if we demand a right to cut down expenditure or to make any radical changes. We only ask, give us a chance to offer our suggestions. Mind you, I deliberately use the word suggestions. You must answer that point. The appointment of a Committee is only a means to an end. I am very anxious that the powers and privileges of this House, what little we have, should not be lost through our indifference, through our neglect. If they do that, it will be a disloyal act towards this Legislative Council. We have no quarrel with the Government. The Government lost a lakh and a half of rupees by simply depending upon their technical adviser and that leper asylum was removed by taking the opinion of outsiders like myself. Now where is the guarantee that the opinion their technical adviser is always infallible? Government is, as I understand the Government, is the opinion of that person who represents the particular department. The Hon'ble Secretary does not claim to know much about this subject. Therefore they entirely depend upon the person who represents the department. The object of this Council itself is that there is wisdom in the opi-

LIBRARY ARCHIVES Kerala Legislative Assembly

nions of the Council. It is on this principle that all the legislative Councils function. By discussions, by exchange of opinions we may be able to crystalise the issue and come to a definite conclusion which would beacceptable at least to the majority of the people. If all of us are infallible what is the object of our being here? Because we are not infallible we take the oportunity of discussing the subject.

I want to say this. Iam not criticising the list. The iist may be all right, all wrong. I am not criticising the way in which the money has beendivided. I am criticising the Government for the lack of sympathy, for the lack of appreciation of our desire to help themby giving us a chance to offer our suggestions. The issue is Government deliberately inspite of repeated requests in this House refused to allow us to offer our suggestions. Whatever may be the technical aspect we as members of the Council have a right to offer suggestions on any subject. If you are going to confess that you have no much right, moral right by voting against this proposition, it will not be to the best interests of the Council. You would not be coming up to the best traditions of this House, namely, to sustain and keep up the prestige, interests and the rights of the non-officials. This is the issue and I press it to a division.

*Motion put and carried.*

**Dr. A. G. Menon.**—A poll, Sir.

*The House divided—Ayes 24, Noes 11 and Neutral 1*

| Ayes. | Noes. |
|---|---|
| 1. Mr. K. Ayyappan | 1. Mr. K. Achyuta Menon |
| 2. ,, A. Eachara Menon | 2. ,, V. K. Aravindaksha Menon |
| 3. ,, George Chakyamuri | 3. ,, C. Barton Wright |
| 4. Dr. A. G. Menon | 4. ,, M. A. Chakko |
| 5. Mr. E. Ikkanda Warriar | 5. ,, M. P. Cherian |
| 6. ,, T. N. Ittiravi Nambudiri | 6. ,, C. J. Mathew |
| 7. ,, Joseph Pettah | 7. ,, T. Narayana Menon |
| 8. ,, P. Kumaran Ezhuthassan | 8. ,, P. Nilakanta Menon |
| 9. ,, P. S. Kesavan Nambudiri | 9. Dr. D. Raghavendra Rao |
| 10. ,, M. Krishna Menon | 10. Rama Varmha Tampuran |
| 11. ,, P. Krishna Menon | 11. Mr. P. V. Raphael |
| 12. ,, K. T. Mathew | |
| 13. ,, C. A. Ouseph | **Neutrals.** |
| 14. ,, Paul Mampilli | |
| 15. ,, T. A. Ramachandra Ayyar | 1. ,, S. S. Koder |
| 16. ,, P. Raman Menon | |
| 17. ,, M. K. Raman | |
| 18. Dr. A. R. Menon | |
| 19. Mr. A. Sankara Menon | |
| 20. Dr. K. Sankara Menon | |
| 21. Mr. A. Sankara Poduval | |
| 22. Mrs. Swaris | |
| 23. Mr. K. P. Vallon | |
| 24. ,, P. C. Varkey | |

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ടി. മാത്യു.—സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്. "This Council recommends to the Government to embark upon a scheme of Rural Reconstruction"

സർ, ഈ പ്രമേയത്തെപ്പറ്റി ഇവിടെ അധികമൊന്നും പ്രതിപാദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗ്രാമീണ പുനരുദ്ധാരണമെന്നതു് ഇൻഡ്യയിൽ എല്ലായിടത്തും ഇക്കാലസ്ഥിതിക്കു് അത്യാവശ്യമായിട്ടുള്ള ഒരു സംഗതിയാണു്. ഇന്നത്തെ അധഃപതനത്തിൽ നിന്നും ഗ്രാമനിവാസികളായ ജനങ്ങളെ ഉദ്ധരിപ്പിച്ചു് അവക്കു് ഉപജീവനത്തിന്നാവശ്യമുള്ള എന്തെങ്കിലും ഒരു മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കണമെന്നു വരികിൽ ആയതിന്നു ഏറ്റവും ഉത്തമമായിട്ടുള്ളതു് ഗ്രാമീണ പുനരുദ്ധാരണമാണു്. ബ്രിട്ടീഷിൻഡ്യയിൽ ഗ്രാമീണ പുനരുദ്ധാരണം ഇപ്പോൾ അത്യാവശ്യമാണെന്നു് ബ്രിട്ടീഷ് ഗവമ്മെണ്ടുകൂടി മനസ്സിലാക്കി പ്രവൃത്തിച്ചുവരുന്ന ഒരു കാലമാണു് ഇതു്. ഈയിടെ പഞ്ചാബിൽ അവിടത്തെ ഗവമ്മെണ്ടും ഗ്രാമീണ ഉദ്ധാരണത്തിന്നായും മറ്റും ഒരു ഡിപ്പാർട്ടുമെണ്ടു തന്നെ ഏർപ്പെടുത്തിയിട്ടുള്ളതായി അവിടെ നിന്നും പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങളിൽ കാണ്മാനുണ്ടു. എന്നാൽ ഇപ്പോഴത്തെ ഗവമ്മെണ്ടിനോടു് ഞാൻ ഈ പ്രമേയം മൂലം ആവശ്യപ്പെടുന്നതു് അതുപോലെയുള്ള ഒരു ഡിപ്പാർട്ടുമെണ്ടു് ഉണ്ടാക്കണമെന്നല്ല. ഗ്രാമീണ പുനരുദ്ധാരണത്തിന്നു വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു പ്രവൃത്തിക്കുവാൻ നിങ്ങൾ സന്നദ്ധരാകണമെന്നാണു്. ഈ വക കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ആലോചനക്കായിക്കൊണ്ടു വരുമ്പോൾ ഈയിടെ ഗവമ്മെണ്ടു പറയുന്ന മറുപടി ഞങ്ങൾ ഇപ്പോൾ എക്കണോമിക്കു് സർവ്വെ നടത്തുന്നുണ്ടു്; അതിന്റെ അവസാനം എന്താണെന്നറിയട്ടെ; അതിന്റെ ശേഷം വേണ്ടതു പ്രവൃത്തിക്കാമെന്നാണു്. ഇന്നു കാലത്തെ സംഗതിവശാൽ ഈ എക്കണോമിക്കു് സർവ്വെ നടത്തുവാൻ വേണ്ടി നിയമിച്ചിട്ടുള്ള മാന്യ ദേഹവുമായി എനിയ്ക്കു സംസാരിയ്ക്കുവാൻ സാധിച്ചു. അദ്ദേഹത്തിന്റെ സാരഭിപ്രായം ഗ്രാമീണപുനരുദ്ധാരണമോ അല്ലെങ്കിൽ കുടിൽവ്യവസായം അഭിവൃദ്ധിപ്പെടുത്തുകയോ ചെയ്യുന്നതിന്നു എക്കണോമിക്കു് സർവ്വെ ഒരു തടസ്സമായി നില്ക്കുന്നതല്ല. ഇതാണു് വാസ്തവം. അദ്ദേഹം പറയാതെ തന്നെ ഈ കാര്യം എല്ലാവക്കും നല്ലപോലെ അറിയാവുന്നതാണു്. എക്കണോമിക്കു് സർവ്വെയെന്നു പറഞ്ഞു് സംഗതി നീട്ടിക്കൊണ്ടുപോകുന്നതു് ഒട്ടും തന്നെ ശരിയല്ല. എക്കണോമിക്കു് സർവ്വെ നടക്കുമ്പോൾ ഗ്രാമീണ പുനരുദ്ധാരണത്തിന്നായി എല്ലാവിധത്തിലും പ്രവൃത്തിക്കാവുന്നതാണു്. ഈയിടെ ഗ്രാമീണപുനരുദ്ധാരണത്തിനു വേണ്ടി ഒരു കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പ്രൊസീഡിംഗ്സു പാസാക്കിയിട്ടുണ്ടു്. എന്നൊക്കെ ഗവമ്മെണ്ടു വേറൊരു സമാധാനമായി പറയുമായ

LIBRARY ARCHIVES Kerala Legislative Assembly

രിക്കാം. ആ പ്രൊസീഡിംഗ്സിന്റെ ചിലഭാഗങ്ങൾ വായിച്ചു നോക്കിയാൽ ഗവൺമെന്റു് ഈ അടുത്തകാലത്തു് ജനങ്ങളുടെ നിത്യവരവു് Resuorces വർദ്ധിപ്പിക്കുന്നതിന്നായി യാതൊന്നും പ്രവൃത്തിക്കയില്ലയെന്ന മനസ്സിലാവുന്നതാണു്. ഈ സംഗതിയെപ്പറ്റി, എന്തെങ്കിലും ചെയ്യുന്നതിന്നുമുമ്പായി ഇപ്പോൾ നടക്കുന്ന Economic Survey യുടെറിപ്പോർട്ടു് കിട്ടേണ്ടതാവശ്യമാണെന്നാണു് ഗവൺമെന്റു് അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഈ റിപ്പോർട്ടു് കിട്ടിയതിന്നുശേഷം ഈസംഗതിയിൽ എന്താണു ചെയ്യേണ്ടതെന്നു് ആലോചിച്ചു തീരുമാനിച്ചു പ്രവൃത്തി പദ്ധതിയിൽ കൊണ്ടുചെന്നുചേരുമ്പോഴേക്കും നാലഞ്ചുകൊല്ലം കഴിയാതിരിക്കയില്ല. കമ്മറിക്കാരുടെ മറ്റു ശുപാർശകൾ രണ്ടോ മൂന്നോ വർഷത്തിനകത്തെങ്കിലും മുഴുവനായി നടപ്പിൽവരുത്തുന്നതാണെന്നു ഗവൺമെന്റു പ്രൊസീഡിംഗ്സിൽ പറഞ്ഞുകാണുന്നില്ല.

വൈസ്രോയിയുടെ വരവു സംബന്ധിച്ചു് മർദ്ദാരാജാവു തിരുമനസ്സുകൊണ്ടു് ഒരുലക്ഷംരൂപാ ഗ്രാമീണ ഉദ്ധാരണത്തിന്നായി ചിലവാക്കുവാൻ നീക്കിവെച്ചിട്ടുണ്ടു്. ഈസംഖ്യ ഗ്രാമീണ ഉദ്ധാരണത്തിന്നായിതന്നെ ചിലവാക്കേണ്ടതാണു്. ഒരു കളമൊകിണറൊ ഉണ്ടാക്കിയതുകൊണ്ടു ഗ്രാമീണോദ്ധാരണമാകുന്നതല്ല. ഗ്രാമത്തിൽ താമസിക്കുന്ന ജനങ്ങളുടെ ജീവിതം സുഖകരമാക്കിത്തീർക്കുന്നതിന്നു പലകാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. അതിൽ ഒന്നുമാത്രമാണു് ശുദ്ധജലമാർഗ്ഗങ്ങൾ ഉണ്ടാക്കികൊടുക്കയെന്നതു്. ഗ്രാമത്തിൽ താമസിക്കുന്നവരുടെ ആരോഗ്യത്തെ സംരക്ഷിക്കുക, അവരുടെയിടയിലുള്ള വിദ്യാഭ്യാസം വർദ്ധിപ്പിക്കുക, കൃഷിയ്ക്കുവേണ്ട രക്ഷനൽകുക, കൃഷിയിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കുക, കുടിൽവ്യവസായം പരിപോഷിപ്പിക്കുക എന്നിങ്ങിനെ പലതും ഗ്രാമീണ ഉദ്ധാരണത്തിന്നായി ചെയ്യാനുണ്ടു്. ഇതുകളെല്ലാം സാധിപ്പിക്കുന്നതിനായിട്ടുവേണം ഒരുലക്ഷം ഉരുപ്പിക ഉപയോഗിപ്പാൻ.

ഇപ്പോൾ തെക്കെ ഇൻഡ്യയിൽ രണ്ടു മൂന്നു സെൻറരുകളിൽ ഗ്രാമീണോദ്ധാരണം നടത്തിവരുന്നുണ്ടു്. തിരുവിതാംകൂറിൽ മാത്താണ്ഡം എന്നസ്ഥലത്തുള്ള Y. M. C. A. യും, രാമനാഥപുരത്തുള്ള Servants of India Society യുമാണു്. ഇതു ചെയ്യുന്നതു്. രാമനാഥപുരത്തെ സംബന്ധിച്ചിടത്തോളം അവിടെ യാതൊന്നും ശരിയായി നടക്കുന്നില്ലെന്നു് ഒരു സാമാജികൻ ഇവിടെ പറയുകയുണ്ടായി. എന്നാൽ ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കുന്നില്ല. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ടി. കെ. നായർ അവിടെപോയികണ്ടു താമസിച്ചിട്ടുണ്ടു്. അദ്ദേഹത്തോടു ഈകാര്യത്തെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് അവിടെ ഗ്രാമീണ ഉദ്ധാരണത്തിൽ പല നല്ല കാര്യങ്ങളും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുപോലെ, ഓരോതാലൂക്കിൽ ഓരോ സെൻറർ എടുത്ത് പ്രവൃത്തിക്കുന്നതു വളരെ നന്നായിരിക്കും. കൊച്ചി സംസ്ഥാനം ഒന്നാകെ ഗ്രാമീണ പുനരുദ്ധാരണ പദ്ധതി ഉടനെതന്നെ ഏറ്റെടുത്തുനടത്തുന്നതിനു സാധിക്കയില്ലെങ്കിൽ, ഓരോ താലൂക്കിൽ ഓരോ വില്ലേജ് എടുത്ത് അവിടെ ഈകാര്യത്തിൽ വേണ്ടതെല്ലാം ചെയ്യുന്നതു് നന്നായിരിക്കും. ഇങ്ങിനെയൊന്നുംചെയ്യാതെ Rural Uplift എന്ന പേരും പറഞ്ഞ് ഒരു ലക്ഷം രൂപാ മറ്റു കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതെന്നു് ഗവൺമെണ്ടിനോടു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഈ അധഃപതനകാലത്തു ഗ്രാമീണ ഉദ്ധാരണം അത്യാവശ്യമായിട്ടുള്ള സംഗതിയാണ്. ഗ്രാമീണ ഉദ്ധാരണത്തിനു ശരിയായ ഒരു സ്കീം ഉണ്ടാക്കി പ്രവൃത്തിക്കയാണെങ്കിൽ ഗ്രാമനിവാസികളുടെ നൂതനവരവു വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. വരവു വർദ്ധിക്കുന്തോറും ചട്ടിണി കുറയുമല്ലൊ. മാത്താണ്ഡത്തു് പലതരത്തിൽ ഗ്രാമനിവാസികളുടെ വരവു വർദ്ധിപ്പിച്ചിട്ടുള്ളതായി കാണാം. അതിലൊരു കാര്യം ഞാൻ ഇവിടെ പറയാം, കോഴികളെ വളർത്തി മുട്ട വില്ക്കുന്നതിൽനിന്നുതന്നെ മാസംതോറും നല്ല ഒരു സംഖ്യ അവിടെ ചിലർ ഉണ്ടാക്കുന്നുണ്ട്. മാസംതോറും നാലയ്യായിരം കോഴിമുട്ട അവിടെനിന്നു പലസ്ഥലങ്ങളിലേക്കായി കയറ്റി അയക്കുന്നു. ഇതിൽനിന്നുതന്നെ ദിവസംതോറും ഒരു വീട്ടുകാർക്കു രണ്ടു മൂന്നണ കിട്ടുവാൻ പ്രയാസമില്ല. ഈ അധഃപതനകാലത്തു ഗ്രാമത്തിലെ ഒരു വീട്ടുകാർക്കു ദിവസംതോറും രണ്ടു മൂന്നണ കിട്ടുകയെന്നതു ചെറിയ കാര്യമല്ല. കോഴിയെ വളർത്തുക എന്ന വ്യവസായത്തിൽനിന്നുതന്നെ പല കാര്യങ്ങളും നമുക്കു ഗ്രഹിപ്പാനുണ്ട്. അതിനുള്ള ഉദാഹരണം പറയാം. മുട്ടകൾ കേടുവന്നുപോകുന്നതു് നാം സാധാരണ കാണുന്നുണ്ടല്ലൊ. ഇതുമൂലം വളരെ പണനഷ്ടവുമുണ്ടാകുന്നുണ്ട്. എന്നാൽ മുട്ടകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും മറ്റു സ്ഥലങ്ങളിലേക്കു അയക്കുന്നതിനും വളരെ എളുപ്പമായ മാർഗ്ഗമുണ്ടെന്നാണ് മാത്താണ്ഡം സെൻറിലെ ഇപ്പോഴത്തെ മേലധികാരിയായ മിസ്റ്റർ റെൻറ് ഓർഡർ പറയുന്നതു്. പൂവൻകോഴികളെ അടുപ്പിക്കാതെതന്നെ, പിടക്കോഴികൾ മുട്ടയിടുമെന്നും അങ്ങിനെ കിട്ടുന്ന മുട്ടകൾ കേടുവരാതെ വളരെനാൾ സൂക്ഷിക്കാമെന്നുമാണ് അദ്ദേഹത്തിൻറെ അഭിപ്രായം. ഇതു എത്രയൊ ചെറിയ സംഗതിയായി തോന്നാമെങ്കിലും ഈ അറിവു നമ്മുടെ ഗ്രാമവാസികൾക്കു ലഭിക്കുന്നതായാൽ അവർക്കു നഷ്ടംകൂടാതെ കോഴിമുട്ട കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്നതായിരിക്കും.

ഗ്രാമീണ ഉദ്ധാരണത്തിലുംമറ്റും നല്ല വൈദഗ്ധ്യം സമ്പാ

LIBRARY ARCHIVES Kerala Legislative Assembly

ടിച്ചിട്ടുള്ള ഒരാളാണ് മിസ്റ്റർ ദേവധാർ. അദ്ദേഹം അടുത്തുത്തന്നെ ഈ കൊച്ചി സംസ്ഥാനത്തു വരുന്നുണ്ട്. അദ്ദേഹത്തോടു കൂടൽ അപ്പീഫീറിനു വേണ്ടി എന്തെല്ലാം ചെയ്യണമെന്നുചോദിച്ചാൽ അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞുതരും. സർവ്വീസ് ഓഫ് ഇൻഡ്യാ സൊസൈയിറ്റിക്കാർ ഗ്രാമീണ ഉദ്ധാരണത്തിനായി പലതും പ്രവൃത്തിച്ചുവരുന്നുണ്ട്. ജനങ്ങൾക്കു ഗുണകരമായുള്ള എത്രയെത്ര കാര്യങ്ങളാണ് ഈ സംഘക്കാർ ചെയ്യുന്നത്. ഇതുകളെപ്പറ്റി കുറെയെല്ലാം അവരുടെ റിപ്പോർട്ടുവായിച്ചാൽ മനസ്സിലാക്കാവുന്നതാണ്. മിസ്റ്റർ ദേവധാർ ഇപ്പോൾ ആ സംഘത്തിന്റെ അദ്ധ്യക്ഷനാണ്. അദ്ദേഹവുമായി ആലോചിച്ചു കൂടൽ അപ്പീഫിറിനായിട്ടുനീക്കിവെച്ചിട്ടുള്ള സംഖ്യയിൽനിന്നു കുറച്ചൊരു സംഖ്യയെങ്കിലും ചിലവിടുന്നതായാൽ അതുമൂലം ഈനാട്ടുകാർക്കു വളരെ ഗുണം സിദ്ധിക്കുന്നതിനിടയാകുന്നതാണ്.

സർ, ഇന്നു് മറ്റുപല സംസ്ഥാനങ്ങളിലും പ്രത്യേകിച്ചു് പഞ്ചാബിൽ, ഗ്രാമീണ പുനരുദ്ധാരണത്തിനായി വളരെ പണം ചിലവു ചെയ്തുകൊണ്ടിരിക്കുന്ന ഈ രാജ്യത്തു് അതിനായിട്ടു് ഒരു പതിനായിരമോ ഇരുപതിനായിരമോ രൂപാ ചിലവാക്കുവാൻ ഗവർമ്മെണ്ടിനു് സമ്മതമില്ലെന്നു് പറയുമോ? ഇന്നു്, ഈ അധഃപതനകാലത്തു് സാധുക്കൾക്കു് ദിവസംപ്രതി ഒരണയോ രണ്ടണയോ കൂടുതൽ ലഭിയ്ക്കുവാൻ ഉള്ളമാർഗ്ഗം ഉണ്ടാക്കി കൊടുക്കാമെങ്കിൽ അതു് ഒരു ചില്ലറ കാര്യമൊന്നുമല്ല. ഒരു ദിവസം ഒരാൾക്കു് ഒരണയോ മറ്റോ ഉണ്ടാക്കിക്കൊടുക്കാനായി മഹാത്മാഗാന്ധിതന്നെ നൂൽ യന്ത്രവും കയ്യിലെടുത്തു് ഇൻഡ്യയുടെ ഒറ്ററം മുതൽ മറ്റെ അറ്റംവരെ യാത്രചെയ്യുന്നു. നൂൽനൂല്പു് വിഷയത്തിൽ ജനങ്ങൾക്കു് ഉപദേശങ്ങൾകൊടുക്കുന്നു. അതിലേക്കായി അനേകലക്ഷം രൂപാ ചിലവാക്കുന്ന ഈ അധഃപതനകാലത്തു് സാധുക്കൾക്കു് ഒരണയോ രണ്ടണയോ കൂടുതൽ ആദായം ലഭിയ്ക്കുവാൻ സാധിയ്ക്കുമെങ്കിൽ അതു വലിയ കാര്യമല്ലെന്നു് ആരു പറയും. മറ്റൊരു കാര്യംകൂടി പറയാനുണ്ടു്. ഗ്രാമീണ ഉദ്ധാരണത്തിനു ഞാൻ മുൻപ്രസ്താവിച്ചതുപോലെ പല വകുപ്പുകളുള്ളതിനാൽ ഗവർമ്മെണ്ടിൽനിന്നും ഇതിലേയ്ക്കു് ഒരു കമ്മിറ്റിയെ നിയമിക്കേണ്ടതായി വരും. ഇതു പറയുമ്പോൾ അനുദ്യോഗസ്ഥന്മാർക്കു് ആ കമ്മിറ്റിയിൽ കയറിപ്പറ്റിപിടിയ്ക്കുവാനുള്ള ആഗ്രഹം കൊണ്ടാണു് പറയുന്നതെന്നു് വിചാരിക്കേണ്ടാ. കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ, എഡ്യൂക്കേഷൻ എന്നിങ്ങനെയുള്ള ഡിപ്പാർട്ടുമെണ്ടു് മേലധികാരികളെ ചേർത്തു് ഒരു ചെറിയ കമ്മിറ്റിയുണ്ടാക്കി പ്രവൃത്തി ആരംഭിക്കേണ്ട കാലം വൈകിയിരിക്കുന്നു. ഇങ്ങിനെ ഒരു കമ്മറ്റിയുടെ ആവശ്യം എന്താണെന്നു കുറച്ചുകൂടി തെളിവാക്കി പറയാം. ഓരോ ഡിപ്പാർട്ടുമെണ്ടു് ഉദ്യോഗസ്ഥന്മാരും ഈ കാര്യത്തിൽതന്നെ ഓ

LIBRARY ARCHIVES Kerala Legislative Assembly

രോ തരത്തിൽ പ്രത്യേകം പ്രത്യേകമായി റിപ്പോർട്ടയച്ചാൽ ഗവ
ൺമെണ്ടിനു വേണ്ടതു് വേഗത്തിൽ ചെയ്യുവാൻ സാധിയ്ക്കാതെ വ
ന്നേക്കാം. മുൻ പറഞ്ഞപ്രകാരം ഒരു കമ്മിറ്റി ഉണ്ടായാൽ പല
റിപ്പോർട്ടുകൾക്കു് ഇടയാകുന്നതല്ല. ഗവൺമെണ്ടിനു് ആവശ്യമെന്നു
തോന്നുന്നുണ്ടെങ്കിൽ അനുദ്യോഗസ്ഥന്മാരേയും ആ കമ്മിറ്റിയിൽ
ചേർക്കാവുന്നതാണു്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടുണ്ടു് മേലുദ്യോ
ഗസ്ഥൻ കൂടി ആ കമ്മിറ്റിയിൽ അത്യാവശ്യമായി ഉണ്ടായിരി
ക്കേണ്ടതാണു്. അങ്ങിനെ ഒരാളും ഒരു ഡിസ്പ്യൂട്ടുമെണ്ടും നമുക്കി
ല്ല. അതുകൊണ്ടാണു് ചില അനുദ്യോഗസ്ഥ മെമ്പറന്മാരേയും
ചേർക്കേണ്ടതാണെന്നു ഞാൻ പറയുന്നതു്. കൺസ്ട്രക്ടീവായി
യാതൊന്നുംതന്നെ പറഞ്ഞിട്ടില്ലെന്നു് റവന്യൂ മെമ്പർ മറുപടി പറ
യാതിരിക്കുവാൻ കൂടിയാണു് മാത്താണ്ഡപുരത്തേയും രാമനാഥ
പുരത്തേയും ചൂണ്ടിക്കാണിച്ചതും കമ്മിറ്റി വേണമെന്നു് പറയു
ന്നതും. മാത്താണ്ഡം Y. M. C. A. യും സ്വൻറു് ഓഫ് ഇൻ
ഡ്യാ സൊസൈറ്റിയും കൂടാതെ ഗ്രാമീണ ഉദ്ധാരണത്തിനായി
പലവിധ പരിശ്രമങ്ങൾ ചെയ്യുവരുന്ന മറ്റു സംഘങ്ങളും സ്ഥാപ
നങ്ങളും ഉണ്ടു്. അവയിൽ പ്രധാനമായി ഇൻഡ്യാരാജ്യത്തുള്ള
തായി ഇപ്പോൾ ഞാൻ ഓർക്കുന്നതു്, ശാന്തി നികേതനവും, ലാ
ലാലജപ്പറു് റായി സ്ഥാപിച്ചിട്ടുള്ള സെർവൻറ്സ് ഓഫ്
ദി പീപ്പിൾ സൊസൈറ്റിയുമാണു്. അവസാനം പറഞ്ഞതു്
രാഷ്ട്രീയ കാര്യങ്ങളിലും ചിലപ്പോൾ പ്രവൃത്തിച്ചു കാണുന്നതു
കൊണ്ടു് ഞാൻ അതിൻറെ പേർ പ്രത്യേകമായി പ്രസ്താവിക്കു
ന്നില്ല. മുൻ പറഞ്ഞ സ്ഥാപനങ്ങളുടെ ഗ്രാമീണ ഉദ്ധാരണത്തി
ലുള്ള പരിശ്രമങ്ങളെ തുടർന്നു് നമ്മുടെ രാജ്യത്തും എന്തെങ്കിലും
കാര്യമായി പ്രവൃത്തിക്കുന്നതു് ഗ്രാമനിവാസികൾക്കു് പ്രത്യേകി
ച്ചു് ഒരു ഗണ്യമായ പുണ്യമായിത്തീരുന്നതാണു്.

**Mr. A. Sankara Poduval.**—Sir, I have very great pleasure in seconding this resolution. There have been discussions in his House of an allied subject and Government have always been very sympathetic in this behalf. A couple of years ago, we had occasion to deal with this matter and the attention of the House was drawn to the noble example set by His Highness the Maharaja of Mysore in making a birthday donation of a lakh of rupees for rural uplift every year and His Highness has been steadily pursuing that policy, and I am sure, with very great advantage to the villagers. Village organisations in Kerala have deen, according to Professor Radhakomal Muckerjee among the most efficient in all India. During the time of Mr. Bannerjee Professor Radhakomal Muckerjee paid a visit to Malabar and he came over to Cochin State also. He wanted to see village life as it now exists, and he was a man who was perfectly interested in the subject and he had a store of informa

LIBRARY ARCHIVES Kerala Legislative Assembly

tion with him. I went with him and toured several villages in the State and it is the confirmed opinion of Professor Muckerjee that rural uplift, i.e., the improvement of our villages, is easier in Cochin than anywhere else in South India. According to him, the remnants of institutions were still here and had not died out. The *thara* system could be easily developed. The communal life could be fostered with very little expenditure and effort. As it is, people are very much in debt and unable to look after themselves and it requiries only a slight help, a push, by persons who are able to putthem on right lines to resuscitate the old state of affairs. The idea of villagers of different classes and creeds combining to do social and civic work in the villages is not a new idea at all in Kerala and it has only to be remodelled and reshaped under the leadership of Government or a combined body of officials and non-officials. Speaking for myself I entirely echo the sentiments expressed by the Hon'ble Mover of this resolution with regard to the noble work done by the Y. M. C. A. I have been contributing, towards the maintenance of that institution, and year by year we have been able to see substantial developments, new industries started existing ones improved whereby the villagers are enabled to earn a substantial living. Every year they have got new fields of activity quite suitable and within the reach of the villagers. Industries, enterprises and ventures of that description are easily feasible in the Cochin State. So the suggestion made by the Hon'ble Member for Kunnamkulam that experiments may be made in this behalf in villages singled out in some of the taluks deserves Government's sympathetic consideration. The expenditure that would be necessary for making a trial would not be a much. It would be about Rs. 15,000 for each experimental village for a year. I do not find fault with Government for issuing the proceedings that was just read out as published in the Gazette. They are only tentative proposals made and Government is in sympathy with this movement and is even prepared to spend a lakh of rupees every year. Now, I say instead of waiting to see what is going to happen, what the report of the Economic Survey Committee would be and what the reports of other committees referred to therein would be, let us try to expedite business and instead of spending a lakh of rupees at once, Government may be pleased to try with Rs. 10,000 or Rs. 30,000 to start in two or three model villages rural re-construction on the lines carried on at Marthandam and start work at once. The absolutely impoverished condition of our villages could be relieved materially and substantially. The spirit of self-help and co-operation would replace the present spirit of utter helplessness and despair that we find in our ryots and villagers. I do not want to traverse

LIBRARY ARCHIVES Kerala Legislative Assembly

the grounds already covered by the Hon'ble Mover and I whole heartedly support this resolution and commend it to the acceptance of this House.

**Mr. K. Achyuta Menon.**—I rise to make the position of the Government clear on this matter. There were, if I may be allowed to say so, three sides to the speech made by the Hon'ble Member who moved the resolution. In the first part of the speech he emphasised the importance of rural reconstruction in general. In the second part of his speech he referred to the efforts made by the Government in this direction as very inadequate. And in the last part of his speech he wound up by what he has been pleased to call a constructive suggestion, i. e., the appointment of a committee to go into the question. These were the three main parts of his speech. He incidentally referred to the Marthandan scheme, Devadhar and other great names just to show that the Governments effort in this direction is inadequate.

I just propose to deal with the three parts of the sepech which was made in support of this motion. Government desire to associate themselves with every word said here with respect to the importance of the rural re-construction in general. Government realise as well as the Hon'ble Members do the gravity and importance of the subject. It has been repeated over and over again in the floor of this House, that it is one of the vital problems confronting any country. There is no room for difference of opinion on that matter at all. Government agree with everybody, including Professor Mukerjee and other people who have laid down exactly what the term 'rural reconstruction' connotes on the great importance of the problem. There is no difficulty on that matter at all. Nor is it necessary to deal at great length with the general importance of the subject which has been very ably pointed out by the Hon'ble Mover.

It is the second part of the speech that the Government would take exception to that is to say, the part which dealt with the inadequacy of the efforts made by the Government in this direction. That requires that Government should place before the House all that it has been doing in the past and all that it proposes to do in the future with respect to this important matter. Now, I may say that this is a matter upon which a vast deal of literature has grown up. There are any number of books written by admitted authorities and experts. Not content with relying entirely upon that mass of recorded opinion the Government did appoint very recently a committee to go into this question with special reference to our State and the committee went into the matter and submitted a report which the Hon'ble Members will find published in the Gazette dated 20th Kum-

LIBRARY ARCHIVES Kerala Legislative Assembly

bham 1109 at page 465. A summary of their proposals are there set out. The actions which the Government propose to take also is noted in brief as against each proposal. It is stated here that an examination of that will show that the Government proposes to shelve the whole question and have appointed the Heads of Departments to sit in judgment over the proposals of that committee and try, if possible, to waste precious time by deliberating and deliberating on the whole affair. I venture to say that a dispassionate reading of the proceedings of the Government will bear out exactly just the reverse of what the Hon'ble Member wanted to convey. As an illustration I shall refer to some of the proposals. I emphatically say, the Government have certainly no idea of shelving these proposals. They wanted the Heads of Departments to submit proposals in consonance with the general tenor of the recommendations made implying thereby that they have accepted in general the proposals and they have asked the Heads of Departments to expedite the matter and to report, and to offer their suggestions upon the recommendations.

Now, let me read one or two passages. The recommendations of the committee are grouped under various heads which are usually found under rural re-construction schemes.

First communications. That is one matter pertaining to any work on rural re-construction. "In view of the existence of a standing Road Board the committee has not made any definite proposals for the improvement of means of communications in the State. But they have forwarded a list of communications for which they had received representations from the public. The items of works are contained in the statement No. 1 appended to the committee's report. The Chief Engineer and the Registrar of Village Panchayats are requested to consider them in the order of their urgency and submit their recommendations". Not as the Hon'ble Member wants to say to consider them generally and try to shelve them by pondering over them for an inordinate length of time. What the Government have done is this: The Chief Engineer and the Registrar of Village Panchayats are requested to consider them in the order of their urgency implying thereby that the proposal has been in general accepted and with special reference to the order of urgency they the Heads of Departments are requested to submit their recommendations. That is one matter. I, therefore, submit that their recommendations are not repudiated.

Then comes supply of water for bathing and drinking. There again the list of works is not repudiated. It is generally accepted and the Registrar of Village Panchayats is requested

LIBRARY ARCHIVES Kerala Legislative Assembly

to make his recommendations. Of course, it is too much to ask the Registrar of Village Panchayats to make recommendations without consideration at all.

Then drainage, lighting and sanitary arrangements. It runs as follows:—"The Registrar of Village Panchayats and the Director of Public Health are requested to consider the Committee's suggestions and take necessary steps to carry them out". It is stated 'to consider and carry them out'. Therefore, are not the recommendations adopted there in principle?

Here also the Director of Public Health is requested to submit proposals for opening them after the sections of the Municipal Regulation relating to markets are amended. Certain preliminaries have to be observed before the proposals are accepted. The preliminaries would be expedited and the Director of Public Health has been asked to submit proposals for opening them. The suggestion has been welcomed. It has been accepted in essence and the Heads of Departments are requested to submit proposals based upon the thing that the proposals are accepted in essence.

I submit it is very inaccurate, if not wrong, to say that the Government proposed to ask their Heads of Departments to scrutinise these proposals and try to shelve them. Government have directed the Heads of Departments to be very expeditious in the matter. Government have certainly not asked them to try to shelve the question, as was tried to be put in the opening speech of the Hon'ble Member.

Then again, there are other agencies at work in this matter of rural re-construction employed by the Government with the funds placed at their disposal every year. The Village Panchayats are improving the means of communication, sources of irrigation, water supply, sanitation and lighting. That is one agency which is very intimately connected with this rural re-construction.

Then again, the Agricultural Credit Societies of the State are working under the Co-operative Societies Regulation. They supply cheap short term credit. That is one side of rural reconstruction activity.

For the supply of long term credit the question of starting a Land Mortgage Bank is under consideration.

A reference to the Budget will show that a lakh of rupees is set apart for this great work of rural reconstruction.

I can assure the Hon'ble Mover that this Marthandam scheme and very many other schemes bearing the sanction of great names, have been looked into by the Government and the Government proposes to devote the amount—I am speaking only generally—to start Maternity Welfare Centres and Rural Welfare centres.

LIBRARY ARCHIVES Kerala Legislative Assembly

**Mr. K. T. Mathew.**—Would you kindly explain what is meant by rural Welfare Centres?

**Mr. K. Achyuta Menon.**—Unfortunately I have not got the proceedings. It can be explained by the Secretary. All that I can say is that the Maternity Welfare Centres and the Rural Welfare Centres are the two under which the Government have brought this problem. I was also there when consultation was going on regarding this Marthandam and the other schemes before they decided to spend one lakh of rupees; we have decided to divide the subject into two general divisions, as Maternity Welfare Centres and Rural Welfare Centres.

**Mr. K. T. Mathew.**—You are only using some terms. Will you kindly throw some light on the Maternity Welfare Scheme?

**Mr. K. Achyuta Menon.**—I have just finished. The Secretary will take up the thread of my argument. He is very conversant with it.

Now I have only to advert to the last part of the speech. It was stated that the Revenue Member has been in the habit of asking for concrete recommendations. I plead guilty. Now what is the concrete recommendation offered now. The concrete recommendation offered is really destructive of the action so far taken by the Government. That is to say, to shelve the whole proposed lines of action and to entrust the matter to a committee who will hereafter go into the question and submit a report. That is to say, stay all action proposed to be taken by Government entrust the matter to a committee, whether official or nonofficial and then wait to see what will come out of it. I submit the proposal is dangerous and it will entail much loss of valuable time.

**Mr. A. Sankara Poduval.**—That is no part of the resolution.

**Mr. K. Achyuta Menon.**—I am referring to the last part of the speech. If it is only to supplement the work already done I submit, it will be superfluous. The appointment of a committee to consider all these proposals which have been considered by a committee, accepted generally by the Government and it entrusted for execution to Heads of Departments, it seems to me is very much superfluous.

**Rama Varmha Tampuran.**—About the Maternity Welfare Centre I will just speak a word. The intention is to divide the State into different Districts and to appoint one or two Doctors to be in charge of each District. That Doctor should make a house to house visit if possible and advise expectant mothers as to the care that they should take and all other things relating to midwifery. Midwives will also be

LIBRARY ARCHIVES Kerala Legislative Assembly

appointed under the Doctors. There will be a special centre to house the office of these Doctors and in that building a few beds will also be provided where the patients can come and get help from the Doctors. That will be in very broad lines a Maternity Welfare Centre. The intention is to improve the health of each locality by reducing the child mortality and all the allied diseases relating to this. That is a rough outline.

With regard to the Rural Welfare Centres I might say that they would be more or less on the lines of the Marthandam scheme or the Coimbatore scheme. There will be a set of workers who will so to say co-ordinate the activities of the various Departments, who will live among the villagers, who will show them by concrete instances how they can improve. For example, suppose there is a festival. These Honorary workers can go and mingle with them. They can take that opportunity to bring home to them the rudiments of correct living, whether they are hygienic, moral or religious. They can also explain to them the effects of drinking and such other immoral acts. The main idea is in the centre there will be a certain set of workers who will mingle with the villagers, be one with them and try to promote their welfare in all directions by behaving as if they are one with the villagers. They will not stand aloof with the villagers and act as teachers. On the other hand they will mingle and will be one with the villagers. In that work the co-operation of all the allied Departments, like the Panchayats, Sanitation, Public Health, Medicine, will be required. That is in rough the outline of a Rural Welfare Centre.

മിസ്റ്റർ കെ. ടി മാത്യു.—സർ, റവന്യൂ മെമ്പർ ഞാൻ പറയാത്ത ചില കാര്യങ്ങൾ ഞാൻ പറഞ്ഞതായി സൂചിപ്പിച്ചു സംസാരിച്ചിട്ടുണ്ടെന്നുള്ള സംഗതി വളരെ സങ്കടത്തോടുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഞാൻ ഒരു കമ്മറിയെ വേണം എന്നാവശ്യപ്പെട്ടതിനു് മിവാൻ സ്ത്രീകളെ അവർകൾ പറഞ്ഞ മറുപടി ഗവ മ്മെണ്ടു് ഏകദേശം ഇതെല്ലാം ആലോചിച്ചിരിക്കുന്നു, സ്വീകരിക്കുന്നു എന്ന നിലയിലാണു്. എന്നാൽ മിവാൻപേഷ്കാരവർകൾ നിങ്ങൾ ഒരു കമ്മിറിയെ വെക്കണമെന്നു പറഞ്ഞതു് ഒരുതരം കളിയായിട്ടാണു് എടുത്തു സംസാരിച്ചതു്. കമ്മറിയുടെ ആവശ്യം എന്താണെന്നു അദ്ദേഹത്തിനു് മനസ്സിലാകുന്നില്ല; മനസ്സിലാക്കുവാൻ സാധിക്കുന്നുമില്ല. ഗവമ്മെണ്ടു് തീരുമാനിച്ചു കാര്യങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനാണോ കമ്മിറി? കമ്മിറിയുണ്ടാക്കുവാൻ ആവശ്യപ്പെട്ടതു് Constructive idea ആയി അദ്ദേഹത്തിനു് തോന്നുന്നില്ല. അദ്ദേഹം Constructive suggestions ചോദിക്കും. Constructive ആയി എന്തുതന്നെ പറഞ്ഞാലും അദ്ദേഹം അതെല്ലാം Constructive അല്ലെന്നും destructive ആണെന്നും

LIBRARY ARCHIVES Kerala Legislative Assembly

വാദിയുള്ളം. constructive ആണോ എന്ന ആലോചിയുന്നതി നുകൂടി അദ്ദേഹത്തിനു സമയം വേണ്ടാ. കേട്ടയുടനെതന്നെ destructive ആണെന്നു പറയും. മനോക്കണം അദ്ദേഹത്തിന്റെ അ - ഗാധബുദ്ധി. സാധാരണ മനുഷ്യക്ക് constructive ആയി തോ ന്നുന്നതു് അദ്ദേഹത്തിനു destructive ആയി തോന്നാം. കമ്മിറ്റി വേണമെന്നു പറഞ്ഞതിനു അദ്ദേഹം പറഞ്ഞ മറുപടിതന്നെ ഇ തിനു നല്ലൊരു ഉദാഹരണമാണ്. അദ്ദേഹത്തിന്റെ നിയമ ജ്ഞാനത്തിൽനിന്നു വന്നിരിക്കുന്ന ചോദ്യങ്ങൾ എന്നെ എത്രമാ ത്രം പരിഭ്രമചിത്തനാക്കിയിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. പക്ഷെ അദ്ദേഹം സാവകാശത്തിൽ അടുക്കൽ ഇരിക്കുന്ന സിക്രട്ടറി അവർകളോടും കൂടി ആലോചിച്ചാണു് മറുപടി പറഞ്ഞിരു ന്നതെങ്കിൽ എനിക്കു് ഇത്രയും പരിഭവത്തിനു് ഇട വരുമായിരു ന്നില്ല. കമ്മിറ്റിയുണ്ടാക്കണമെന്നു പറഞ്ഞതു് constructive ആ യിട്ടുതന്നെയാണു് ഗവമ്മെണ്ടിനു തോന്നിയിട്ടുള്ളതെന്നു് ദിവാൻ സിക്രട്ടറി അവർകളുടെ മറുപടിയിൽനിന്നു മനസ്സിലായി. ഈ കാര്യത്തെപ്പറ്റി ഗവമ്മെണ്ടു് വേണ്ട ആലോചനകൾ നടത്തിവ രുന്നുണ്ടെന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. റൂറൽ വെൽഫെ യർ സ്കീമിനു പല വശങ്ങളുണ്ടു്. അതിന്റെ ഒരുവശം മാത്രമേ ഇപ്പോൾ ഗവമ്മെണ്ടു് ആലോചിച്ചുവരുന്നുള്ളു. അതുകൊണ്ടുമാ ത്രം ഗ്രാമത്തിൽ താമസിക്കുന്നവർക്കു് എത്രമാത്രം ഗുണം കിട്ടുമെ ന്നാണു് നോക്കേണ്ടതു്. ഗവമ്മെണ്ടു് ഇവിടെ പറഞ്ഞതു് ഓണ റേറിയായിട്ടു് ചില ആളുകളെ നിയമിച്ചു് ഗവമ്മെണ്ടു് ചിലവി ന്മേൽ അവരെക്കൊണ്ടു് മാർക്കറിൽ ചെന്നു പ്രസംഗിപ്പിക്കും എ ന്നും മറ്റുമാണു്. എന്നാൽ അതു് ഏതു ഡിപ്പാർട്ടുമെണ്ടു് മുഖാ ന്തിരമാണു നടത്തുവാൻ പോകുന്നതെന്നെങ്കിലും ഇപ്പോൾ ഗവമ്മെണ്ടിനു് സദയം പറയാൻ സാധിയ്ക്കുമെങ്കിൽ കൊള്ളാ മായിരുന്നു. ഈ പ്രസ്ഥാനം ഓണററി സിസ്റ്റമായി നടത്തുവാൻ ഗവമ്മെണ്ടു് ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ഗവമ്മെണ്ടുതന്നെ ആ സിസ്റ്റ ത്തിൽ കയ്യിട്ടു് ചീത്തയാക്കാതിരിക്കണം എന്നെനിക്കു അപേ ക്ഷയുണ്ടു്. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. എ ന്തെങ്കിലും ചെയ്യാമെന്നു വാശ്ചത്തം ചെയ്യുന്നതു് തോൽവി യെ പ്രഖ്യാപനം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആയിരിക്ക രുതു്. ഞാൻ പറയുന്നതു് ഒരു ഉദാഹരണ മൂലം തെളിയിക്കാം. 'Prohibition' നടപ്പിൽ വരുത്തണമെന്നു ആവശ്യപ്പെട്ടു. ഗവ മ്മെണ്ടു അതു് ഒരുവിധം സ്വീകരിച്ചിരിക്കുന്നതായി പ്രസ്താവിച്ചു. പരീക്ഷണാർത്ഥം ചിറ്റൂർ താലൂക്കിൽ ഒരു സ്ഥലത്തു 'experiment' തുടങ്ങുമെന്നു പ്രസ്താവിച്ചിട്ടുണ്ടു്. Experiment തുടങ്ങിയ ഉട നെതന്നെ ഈ experiment തോല്പിക്കുന്നതിനുള്ള സകല വഴികളും ഗവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടെന്നു ഞങ്ങൾ ഇവിടെ ചൂണ്ടികാ

LIBRARY ARCHIVES Kerala Legislative Assembly

ണിച്ചു. Experiment ശരിയായവിധത്തിലല്ല നടത്തുന്നതെന്നു ഞങ്ങൾ ഇവിടെ പൂണ്ടു കാണിച്ചു. തോല്പിക്കുന്ന തരത്തിൽ എന്തിനാണ് experiment നടത്തുന്നത്. ഇപ്പോഴാണ് നാം ആലോചിക്കുന്ന കാര്യത്തിലും ഇതുതന്നെയാണ് പറയുന്നത്. തോല്പിക്കുന്ന തരത്തിലുള്ള ഒരു സ്കീം നടപ്പിൽ വരുത്തേണ്ട. ഓണറി. സിസ്റ്റമായി വക്കു ചെയ്യുവാൻ തുടങ്ങിയിട്ടു ഒടുവിൽ അതു ശരിയായി വക്കു ചെയ്യുന്നില്ലെന്നു പറഞ്ഞ് അനുഭോഗസ്ഥ മെമ്പർമാരുടെമേൽ കുറ്റം ചുമത്തരുതു്. ഇന്നു വമ്പിച്ച ശമ്പളംവാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ, ശമ്പളം കൊടുക്കാതെ ജോലി ചെയ്യിപ്പിക്കുവാൻ തുടങ്ങിയാൽ, ജോലി ശരിയായി നടക്കുമോ? ഓണറിയായി ജോലി ചെയ്യിപ്പിക്കണമെങ്കിൽ, ജോലി ചെയ്യിപ്പിക്കുന്നവരും ഓണറിയായി ജോലി ചെയ്യുന്നവരായിരിക്കണം. വമ്പിച്ച ശമ്പളം വാങ്ങിക്കുന്നവർ, ശമ്പളം കൊടുക്കാതെ മറുള്ളവരെക്കൊണ്ടു ജോലി ചെയ്യിപ്പിക്കുക! ഇതു ശരിയാകുമോ? ഇല്ല. അതിനാലാണ് ഞാൻ പറയുന്നത്, ഓണറിയായി നടത്തണമെങ്കിൽ, സപ്രീംസ് ഓഫ് ഇൻഡ്യാ സൊസൈയിറി, ശാന്തിനികേതനം വൈ. എം. സി. എ. എന്നിങ്ങനെയുള്ള സ്ഥാപനക്കാരെ ഏല്പിക്കണം. അവക്കു കൊല്ലംതോറും എന്തെങ്കിലും ഒരു സംഖ്യയും അനുവദിച്ചുകൊടുത്തു് കാര്യങ്ങൾ നടത്തണം. അല്ലെങ്കിൽ ഗവമ്മെണ്ടിന്റെ ഈ വെൽഫെയർസ്കീം തോറ്റുപോകുമെന്നുള്ളതിനു സംശയമില്ല. ഗവമ്മെണ്ടുദ്യോഗസ്ഥന്മാർക്കു അവരുടെ ശമ്പളം ശരിയായി കിട്ടണമെന്നു പറയുന്നതുപോലെതന്നെ മറുള്ളവരും അവരുടെ ജോലിക്കു ശരിയായ പ്രതിഫലം കിട്ടണമെന്നു ആവശ്യപ്പെട്ടേം. ഇതു ഗവമ്മെണ്ടു നല്ലപോലെ ആലോചിക്കാനുള്ള കാര്യമാണ്.

*The House rose for lunch at 2 p. m. and met again at 3 p. m. with the Deputy President in the Chair.*

മിസ്റ്റർ കെ. ടി. മാത്യു.—സർ, എന്റെ മാന്യസ്നേഹിതൻ റവന്യൂ മെമ്പർ നമ്മെ ധരിപ്പിച്ചതു് ഗ്രാമീണപുനരുദ്ധാരണത്തിനായി ഗവമ്മെണ്ടു നിശ്ചയിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച്, വേണ്ടുന്നതെല്ലാം ഗവമ്മെണ്ടു ചെയ്തുകഴിഞ്ഞുവെന്നാണ്. ഇതിൽ എത്രമാത്രം വാസ്തവം ഉണ്ടെന്നു നമുക്കൊന്നു പരിശോധിയ്ക്കാം. ജനങ്ങളുടെ 'Resources' വർദ്ധിപ്പിയ്ക്കുന്നതിനായി ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി കമ്മിറ്റിക്കാർ പൂണ്ടിക്കാണിച്ചിട്ടുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചു ഗവമ്മെണ്ടു പറയുന്നതു്, Economic Survey Report കിട്ടികഴിഞ്ഞതിനുശേഷം ആലോചിയ്ക്കാമെന്നാണ്. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ദിവാൻജിയുടെ പ്രൊസീഡിംഗ്സ് അദ്ദേഹം വായിച്ചു നോക്കട്ടെ. ഇങ്ങിനെ പറഞ്ഞിട്ടില്ലെന്നു പറയുവാൻ അദ്ദേഹത്തിനു സാധിയ്ക്കുമോ? അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തിയതു് ഇല്ലാതാക്കുവാൻ അദ്ദേഹത്ത

LIBRARY ARCHIVES Kerala Legislative Assembly

ന് പെട്ടെന്ന സാധിയ്ക്കാത്തതന്നെ വലിയ കാര്യം. ഉള്ള സംഗതി പറയാതെ ഒളിച്ചുവെച്ചു സംസാരിയ്ക്കുന്നതെന്തിനാണെന്ന ഞാൻ അദ്ദേഹത്തോട് ചോദിയ്ക്കുന്നു. ഈ അധഃപതനകാലത്തു് ഗ്രാമത്തിൽ താമസിയ്ക്കുന്ന സാധുക്കളെ സഹായിയ്ക്കുവാൻ ഗവമ്മെണ്ടിന് മനസ്സുണ്ടെങ്കിൽ ഈ എക്കണോമിക്കു സർവ്വെ കഴിഞ്ഞു അതിന്റെ റിപ്പോർട്ട് കിട്ടിയതിനശേഷം എന്തെങ്കിലും ചെയ്യാമെന്നു പറയുന്നതു് ഒട്ടും ശരിയല്ല. എക്കണോമിക്കു സർവ്വെ രണ്ടു മൂന്നു കൊല്ലങ്ങൾക്കകമായാലെങ്കിലും കഴിയുമെന്നു പറയുവാൻ ഗവമ്മെണ്ടിന് സാധിയ്ക്കുമോ? രണ്ടുമൂന്നു കൊല്ലം കഴിയുന്നതുവരെ സാധുക്കൾ അവരുടെ പട്ടിണിയും ദാരിദ്ര്യവുംകൊണ്ടു നടക്കണമെന്നാണോ ഗവമ്മെണ്ടു പറയുന്നതു്? ഈ കാര്യത്തിൽ ഗവമ്മെണ്ടയാതൊന്നും ചെയ്യുവാൻ വിചാരിയ്ക്കുന്നില്ലെങ്കിൽ അതു തുറന്നു പറയട്ടെ! എന്തിനാണ് കാര്യങ്ങൾ ഒളിച്ചുവെയ്ക്കുന്നതു്? ഗ്രാമത്തിൽ താമസിയ്ക്കുന്ന ആളുകളുടെ നിത്യച്ചിലവിനു് ആവശ്യമുള്ള സമ്പാദ്യം ഉണ്ടാക്കികൊടുക്കുവാൻ സഹായിയ്ക്കുന്നതിനു് ഉദ്ദേശമുണ്ടെങ്കിൽ ഇത്തരത്തിലുള്ള ഒരു പ്രൊസീഡിംഗ് അല്ല ഗവമ്മെണ്ടു പാസാക്കേണ്ടതു്. ഇക്കാര്യത്തിൽ വേണ്ട നടപടികൾ വേഗത്തിൽ നടത്തുന്നതിനായിട്ടു ഗവമ്മെണ്ടു സകലതും ചെയ്യുന്നുണ്ടെന്നു പറയുന്നതിൽ യാതൊരു വാസ്തവുമില്ല. രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞു എക്കണോമിക്കു സർവ്വെ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിനശേഷം അതിനെ അടിസ്ഥാനപ്പെടുത്തി ഗ്രാമത്തിൽ താമസിയ്ക്കുന്ന ആളുകളുടെ വരവിനെ വർദ്ധിപ്പിയ്ക്കുന്നതിനു് വേണ്ടതു് ചെയ്യാമെന്നു പറയുന്നതാണോ ഇപ്പോൾ ഒട്ടും താമസം കൂടാതെ ഗവമ്മെണ്ടു വേണ്ടതു നടത്തുന്നുവെന്നു റവന്യൂ മെമ്പർ പറയുന്നതു്? അതിവിശേഷംതന്നെ. കൂൽവെൽഫെയർ സെന്ററുകൾ ഗവമ്മെണ്ടു മേൽനോട്ടത്തിൽ നടത്തി തോറും പോകുകയാണെന്നു വരികിൽ ഞങ്ങൾക്കു് അതിൽ യാതൊരു പങ്കും ഇല്ല. ഗവമ്മെണ്ടുദ്യോഗസ്ഥന്മാരാണ് ഇതു് നടത്തുന്നതെങ്കിൽ രംഗളതോതനുസരിച്ചു അവരും മറ്റുള്ളവരും പ്രവൃത്തിയ്ക്കുന്നതായിരിയ്ക്കും. എന്റെ മനസ്നേഹിതൻ ചൊവ്വരുത്തി മെമ്പർ തന്നെ ഗവമ്മെണ്ടു ആശുപത്രികളിൽ പ്രൈവറ്റ് ഡാക്ടർമാർക്കും ചികത്സ ചെയ്യുന്നതിനു് അനുവദിയ്ക്കണമെന്നു എത്ര കാലമായി ഇവിടെ വാദിച്ചുകൊണ്ടിരിയ്ക്കുന്നു. ഇനിയും ആ കാര്യത്തിൽ വേണ്ടതു ചെയ്തിട്ടില്ല. എല്ലാം ചെയ്യുന്നുവെന്നു ഗവമ്മെണ്ടു പറയും. എന്നാൽ കാര്യമായിയാതൊന്നും ചെയ്തിട്ടില്ലെന്നു നാമെല്ലാം അറിയുന്ന സംഗതിയാണല്ലൊ. ഗ്രാമീണ പുനരുദ്ധാരണവിഷയത്തിൽ വിജയകരമായി പ്രവൃത്തിയ്ക്കുവാൻ അറിയാവുന്ന ആളുകൾ വളരെ ചുരുക്കമാണ്. സർ, വിശ്വേശ്വരയ്യർ ഈ വിഷയത്തെപ്പറ്റി നല്ലൊരു പുസ്തകം എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ നമുക്കു കിട്ടിയെന്നു വരുന്നതല്ല. അയതുകൊണ്ടു മറ്റു യോ

LIBRARY ARCHIVES Kerala Legislative Assembly

ഗവന്മാരെയൊ, സ്ഥാപനങ്ങളേയോ, നമ്മെ വേണ്ടവിധത്തിൽ സഹായിപ്പാൻ കിട്ടുമോയെന്നു നോക്കണം. ഞാൻ വൈ. എം. സി. എ., സപ്ലൻറസ് ഓഫ് ഇൻഡ്യാ സൊസയിറ്റി, ശാന്തിനികേതനം, ഈ മൂന്നു സ്ഥാപനങ്ങളെയാണ് ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞതു്. മേൽപറഞ്ഞ മൂന്നു കൂട്ടക്കാരിൽ ആരെയെങ്കിലും മുമ്പലപ്പെടുത്തി അവരുടെ വാളണ്ടിയറന്മാരുടെ മേലെ നേഷണത്തിൽ നടത്തുന്നതായാൽ അതു് ജനങ്ങൾക്കു് വലിയ ഉപകാരമായിതീരും. അല്ലെങ്കിൽ തീച്ചയായും ഗവമ്മെണ്ടു സ്കീം തോറ്റുപോകുമെന്നുള്ളതിനു് സംശയമില്ല. ഇപ്പോൾ ഗവമ്മെണ്ടു ഗ്രാമീണ ഉദ്ധാരണത്തിന്റെ രണ്ടുമൂന്നു വശങ്ങൾ മാത്രമേ നൊക്കിട്ടുള്ളു. ഇൻസ്യൂയലായിട്ടു് വേണ്ടതരത്തിൽ ചെയ്യുന്നില്ലെന്നു ഞാൻ ഇവിടെ വായിച്ച റിപ്പോർട്ടിൽനിന്നുതന്നെ വെളിവാകുന്നുണ്ടു്. ഈ അലസതയ്ക്കു എന്തു ന്യായമാണു് ഗവമ്മെണ്ടിനു പറയാനുള്ളതു്? പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടു ഉണ്ടു്. കൊല്ലന്തോറും തോടുകൾവെട്ടുന്നുണ്ടു്, കിണറുകൾ കഴിക്കുന്നുണ്ടു്, കുളങ്ങൾ കഴിക്കുന്നുണ്ടു്, എന്നു പറയുമായിരിയ്ക്കാം. അതിലൊന്നിലും ഞാൻ ഗവമ്മെണ്ടിനെ കുറ്റം പറയുന്നില്ല. ഗ്രാമീണപുനരുദ്ധാരണത്തിനു വേണ്ടി ഇതു മാത്രമാണോ ഗവമ്മെണ്ടു ചെയ്യേണ്ടതു്? ഒരു റോഡു വെട്ടിയതുകൊണ്ടോ ഒരു വഴിയുണ്ടാക്കി കൊടുത്തതുകൊണ്ടോ ഗ്രാമീണപുനരുദ്ധാരണമാകുന്നില്ല. ഈ സംഗതി ഗവമ്മെണ്ടു നല്ലപോലെ മനസ്സിലാക്കി ഇനിയെങ്കിലും വേണ്ടതു് പ്രവൃത്തിയ്ക്കണമെന്നുഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ ഈ പ്രമേയത്തെ പ്രസ്സ് ചെയ്യണമെന്നു വിചാരിയ്ക്കുന്നില്ല.

*Resolution was with leave withdrawn.*

## Revival of T. A. to process servers attached to Judicial Courts.

**Mr. P. Kumaran Ezhuthassan.**—Sir, I move:—

*This Council recommends to the Government that the travelling allowance that was being allowed to process servers attached to Judicial Courts but stopped from 1108 be revived at once.*

സർ, ഈ പ്രമേയവും എന്റെ ഒന്നാമത്തെ പ്രമേയംപോലെതന്നെ സാധുക്കളായിട്ടുള്ള ചില ഗവമ്മെണ്ടു ശമ്പളക്കാർക്കു കുറേശ്ശെ കുറേശ്ശെയായി കൊടുത്തുവന്നിരുന്ന ഒരു ചെറിയ സംഖ്യ ഈ അടുത്തകാലത്തു വേണ്ടെന്നു വെച്ചതു് ഉടനടി അവർക്കു കൊടുക്കണമെന്നു ഗവമ്മെണ്ടിനോടു അപേക്ഷിയ്ക്കുവാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒന്നാണു്. മുനിസിപ്പൽ കോടതികളിലേയും ജില്ലാക്കോടതികളിലേയും ശിപായിമാർക്കു കോടതികളിൽ നിന്നുള്ള കല്പനകൾ എത്തേണ്ടുന്ന ദിക്കിൽ എത്തിച്ചു കൊടുക്കുന്ന വകയ്ക്കു അവർ പത്തു മൈൽസിനു് അപ്പുറം യാത്ര ചെയ്യുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly